**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 248** **29-01-2024 - ൽ മറുപടിയ്ക്ക്**

**അവയവ ദാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ജെ. മാക്സി** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് അവയവം ലഭിക്കാനായി രജിസ്റ്റർ ചെയ്തു കാത്തിരിക്കുന്നവരുടെ എണ്ണം എത്ര; വൃക്ക, കരൾ തുടങ്ങിയ അവയവങ്ങൾക്കായി കാത്തിരിക്കുന്നവരുടെ എണ്ണം തരം തിരിച്ച് വ്യക്തമാക്കുമോ ; | (എ) | സംസ്ഥാനത്ത് മരണാനന്തര അവയവദാന പദ്ധതിയിൽ പേര് ചേർക്കപ്പെട്ട് അവയവങ്ങൾക്കായി കാത്തിരിക്കുന്നവരുടെ എണ്ണം ചുവടെ ചേർക്കുന്നു:<br>വൃക്ക : 2400<br>കരൾ : 899<br>ഹൃദയം : 75<br>ശ്വാസകോശം : 6<br>പാൻക്രിയാസ് : 12<br>ചെറുകുടൽ : 2<br>**ആകെ : 3394** |
| (ബി) | മൃതസഞ്ജീവനി പദ്ധതി നടപ്പിൽ വന്നതിനുശേഷം നാളിതുവരെ സംസ്ഥാനത്ത് ഇത്തരത്തിൽ എത്ര പേർക്ക് അവയവങ്ങൾ ദാനം നൽകി ജീവൻ നിലനിർത്തി എന്ന് വ്യക്തമാക്കാമോ ; | (ബി) | മൃതസഞ്ജീവനി പദ്ധതി നടപ്പിൽ വന്നതിനുശേഷം നാളിതുവരെ മരണാന്തര അവയവദാനത്തിലൂടെ താഴെപ്പറയും പ്രകാരം 1063 പേർക്ക് അവയവ മാറ്റം നടത്തിയിട്ടുണ്ട്:-<br>വൃക്ക മാറ്റിവയ്ക്കൽ : 636<br>കരൾ മാറ്റിവയ്ക്കൽ : 299<br>ഹൃദയം മാറ്റിവയ്ക്കൽ : 77<br>ശ്വാസകോശം മാറ്റിവയ്ക്കൽ : 4<br>പാൻക്രിയാസ് മാറ്റിവയ്ക്കൽ : 17<br>ചെറുകുടൽ മാറ്റിവയ്ക്കൽ : 5<br>ശ്വാസനാളം മാറ്റിവയ്ക്കൽ : 1<br>കൈമാറ്റിവയ്ക്കൽ : 24 |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതി സജീവമാക്കാനും സുതാര്യമായ അവയവദാനങ്ങളിലൊന്നുപോലും സാങ്കേതിക പ്രശ്നങ്ങളാൽ വൈകാതിരിക്കുവാനും, പരാതികൾ പരിഹരിച്ച് അവയവദാനം സുഗമവും സുതാര്യവുമാക്കാനുമായി എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ? | (സി) | സംസ്ഥാനത്തു അവയവദാനവും അവയവം മാറ്റിവെക്കൽ ശസ്ത്രക്രിയയും നടക്കുന്നത് 1994-ലെ ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൺ ആക്ട്, 2014-ലെ ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻ ആൻഡ് ടിഷ്യൂസ് റൂൾസ് എന്നിവയുടെ അടിസ്ഥാനത്തിലാണ്. ടി ആക്ടിന്റെ പരിധിയിൽ നിന്നുകൊണ്ട് സംസ്ഥാനത്ത് അവയവമാറ്റ ശസ്ത്രക്രിയകൾ നടത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ വിജ്ഞാപനം വഴി സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>മസ്തിഷ്ക മരണാനന്തര അവയവ ദാതാവിൽ നിന്നുള്ള അവയവങ്ങളുടെ വിന്യാസം എങ്ങനെയാവണമെന്ന് നിശ്ചയിച്ചു കൊണ്ട് 04.02.2012 ലെ സ.ഉ (എം.എസ്) നം. 37/2012/ ആ.കു.വ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ മസ്തിഷ്ക മരണ സ്ഥിരീകരണവുമായി ബന്ധപ്പെട്ടു രാജ്യത്തു തന്നെ ആദ്യമായി മാതൃകാ പ്രവർത്തന നടപടിക്രമങ്ങൾ 19.01.2020 ലെ സ.ഉ (കൈ) നം. 7/2020/ആ.കു.വ പ്രകാരം പുറപ്പെടുവിച്ചത് കേരള സർക്കാർ ആണ്. തുടർന്ന് പല സംസ്ഥാനങ്ങളും ഇത് മാതൃകയാക്കുകയും ചെയ്തിട്ടുണ്ട്.<br><br>അവയവദാന കൈമാറ്റ പ്രക്രിയകൾ കാര്യക്ഷമമാക്കുന്നതിനും, സുതാര്യമാക്കുന്നതിനും, കൂടാതെ അവയവദാനവുമായി ബന്ധപ്പെട്ട എല്ലാ പ്രവത്തനങ്ങളും ഒരു കുടക്കീഴിൽ കൊണ്ടു വരിക എന്ന ലക്ഷ്യത്തോടെയും കേരളാ സർക്കാരിന്റെ കീഴിൽ കേരളാ സ്റ്റേറ്റ് ഓർഗൻ ആൻഡ് ടിഷ്യു ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ (KSOTTO) സ്ഥാപിക്കുകയും ഒരു സൊസൈറ്റിയായി രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിക്കുകയും ചെയ്തിട്ടുണ്ട്.<br><br>നാഷണൽ ഇൻഫോർറ്റിക് സെന്റർ മുഖേന അവയവദാന കൈമാറ്റ പ്രവർത്തങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള രജിസ്ട്രി തയ്യാറാക്കി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അവയവത്തിനു വേണ്ടി കാത്തിരിക്കുന്ന രോഗികളുടെ പേര് ചേർക്കൽ, മുൻഗണനാടിസ്ഥാനത്തിലുള്ള അവയവ വിന്യാസം, അവയവമാറ്റത്തിന് ശേഷമുള്ള രോഗികളുടെ അതിജീവനം എന്നിവയുടെ കണക്ക് വിവരങ്ങൾ ഈ രജിസ്ട്രി മുഖേന ശേഖരിക്കുവാൻ കഴിയും<br><br>അവയവദാന രംഗത്ത് സമഗ്ര മാറ്റം കൊണ്ടുവരുന്നതിന് വേണ്ടി പ്രോട്ടോക്കോൾ, നയങ്ങൾ, മാതൃകാ പ്രവർത്തന നടപടിക്രമങ്ങൾ എന്നിവ വികസിപ്പിക്കുന്നതിന് വിദഗ്ധ പ്രവർത്തന സംഘവും (Expert Working Group) |

| | | | |
|---|---|---|---|
| | | | അനുബന്ധമായി ഓരോ അവയവങ്ങൾക്കും പ്രത്യേകം വൈദഗ്ദ്യമുള്ളവരുടെ കമ്മിറ്റികളും രൂപീകരിച്ച് 12.05.2023 ലെ സ.ഉ (സാധാ) നം. 1134/2023/ആ.കു.വ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ